M.T.L.P SCHOOL
Naranammoozhy

2025 - 26.

# അക്കാദമിക മാസ്റ്റർ പ്ലാൻ

സ്കൂൾതലം

# ആമുഖം

പ്രാഥമികതലത്തിലുള്ള പഠനം കുട്ടിയെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനമാണ്. ഭാവിയിലേക്കുള്ള പഠനത്തിന്റെ അടിസ്ഥാനവും ഇതാണ്. കുട്ടിയുടെ ചിന്താശക്തി, ആശയവിനിമയത്തിനുള്ള കഴിവ് ഇവയൊക്കെ രൂപപ്പെടുന്നത് ഈ കാലഘട്ടത്തിൽ ആയതിനാൽ ഭാഷയ്ക്കുള്ള പ്രാധാന്യം വിലകുറച്ചു കാണാൻ കഴിയില്ല. സമൂഹത്തിന്റെ പൊതു നന്മയ്ക്കും മാതൃഭാഷ അനിവാര്യമാണ്.

മലയാളം എഴുത്തിലും വായനയിലും പ്രയാസം നേരിടുന്ന കുട്ടികളെ മുൻനിർത്തി നടപ്പിലാക്കുന്ന "അക്ഷരവെളിച്ചം" എന്ന ഈ പ്രവർത്തനം ഭാഷ അനായാസം ഉപയോഗിക്കാൻ അവരെ പ്രാപ്തരാക്കുന്നതോടൊപ്പം സർഗ്ഗാത്മക രചനകളിലേക്ക് അവരെ നയിക്കുന്നു. കൂടാതെ അവരിൽ വായനാശീലം വളർത്തിയെടുക്കാനും പര്യാപ്തമാണ്.

# Action plan

മേഖല : മലയാളം

ഉപമേഖല : വായിക്കാം.... എഴുതാം....

പ്രവർത്തന പരിപാടി : 'അക്ഷരവെളിച്ചം'

അവസ്ഥാ വിശകലനം : കുട്ടികൾക്ക് മലയാളം എഴുതാനും വായിക്കാനും പ്രയാസം നേരിടുന്നുണ്ട്.

## പ്രതീക്ഷിത നേട്ടങ്ങൾ :

* മുഴുവൻ കുട്ടികളും തെറ്റുകൂടാതെ എഴുതുകയും വായിക്കുകയും ചെയ്യുക.
* ആശയ ഗ്രഹണത്തോടെ വായന നടത്തുക
* എഴുത്തിലും വായനയിലും പ്രാവീണ്യം നേടുക.
* മാതൃഭാഷയുടെ പ്രാധാന്യം വീണ്ടെടുക്കുക.

## പ്രവർത്തനങ്ങൾ

* അക്ഷരങ്ങൾ, ചിഹ്നങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് പദങ്ങൾ, വാക്യങ്ങൾ എന്നിവ വായിക്കുകയും എഴുതുകയും ചെയ്യുന്നു.

* വായനാ സാമഗ്രികളിൽ നിന്നും ചോദ്യാവലി തയ്യാറാക്കുകയും ഉത്തരങ്ങൾ കണ്ടെത്തുകയും ചെയ്യുന്നു.

* സൂചനകളിൽ നിന്നും കഥ, കവിത, സംഭാഷണം, ജീവചരിത്രക്കുറിപ്പ് എന്നിവ തയ്യാറാക്കുന്നു.

* കഥ, കവിത എന്നിവ വായിച്ച് ആശയഗ്രഹണം നടത്തുകയും സ്വന്തമായി എഴുതുകയും ചെയ്യുന്നു.

| ക്രമ നമ്പർ | പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | നിർവ്വഹണ കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | പഠനോപകരണ നിർമ്മാണ ശില്പശാല | അക്ഷരക്കാർഡ്, ചിത്രം വരച്ചുള്ള പദ-ക്കാർഡ്, ചിത്രവും പദവും വെവ്വേറെയുള്ള കാർഡുകൾ, അക്ഷരങ്ങൾ ആവർത്തിച്ചു വരുന്ന വാക്യക്കാർഡുകൾ എന്നിവ നിർമ്മിക്കൽ | ജൂലൈ | ക്ലാസ് അധ്യാപകർ |
| 2. | പദപരിചയം | അക്ഷര ചിത്രം, ചിത്ര വായന, അക്ഷരങ്ങൾക്ക് ആഭരണം അണിയിക്കൽ, പദങ്ങൾ കണ്ടെത്തൽ [പത്രങ്ങൾ ബാലമാസികകൾ എന്നിവയിൽ നിന്ന്] | ആഗസ്ത് | " |
| 3. | ക്ലാസ് ടെസ്റ്റ് | വ്യക്തിഗത വിലയിരുത്തൽ നടത്തി പഠന പുരോഗതി മനസ്സിലാക്കുന്നു. | സെപ്തംബർ | " |
| 4. | വാക്യനിർമ്മാണം | പദക്കാർഡുകൾ ഉപയോഗിച്ചുള്ള വാക്യ നിർമ്മാണം, ചിത്രം നോക്കി കഥ പറയൽ കഥയ്ക്ക് തലക്കെട്ട് നൽകൽ, വരികൾ കൂട്ടിച്ചേർക്കൽ | ഒക്ടോബർ 1, 2, ആഴ്ച | " |

| ക്രമ നമ്പർ | പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | നിർവ്വഹണ കാലയളവ് | ചുമതല |
|---|---|---|---|---|
| 5. | ആസ്വാദന വായന | കഥ, കവിത, എന്നിവ വായിച്ച് വ്യക്തിഗത അവതരണം നടത്തുന്നു. | ഒക്ടോബർ 3,4. ആഴ്ച | ക്ലാസ് അധ്യാപകർ |
| 6. | സർഗാത്മക രചനകൾ | സ്വന്തം അഭിരുചിയ്ക്കനുസരിച്ച് കഥ, കവിത എന്നിവ രചിക്കുന്നു. സ്വയം വിലയിരുത്തൽ പരസ്പരം വിലയിരുത്തൽ എന്നിവ നടത്തുന്നു. | നവംബർ | " |
| 7. | ക്ലാസ് ലൈബ്രറി | ഓരോ ക്ലാസിനും അനുയോജ്യമായ പുസ്തകങ്ങൾ ശേഖരിച്ച് വിതരണം ചെയ്യുന്നു. | ജൂലൈ ഫെബ്രുവരി | " |